പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :498 | 27.02. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബിയിലെ പെൻഷൻ

ചോദ്യം

ശ്രീ.വി.ഡി.സതീഷൻ

" വി.ടി.ബൽറാം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, കെ.എസ്.ആർ.ടി.സിയെ പോലെ ജീവനക്കാർക്ക് പെൻഷൻ നൽകാൻ കഴിയാത്ത സ്ഥിതിയിലേക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധിക്ക് കാരണമെന്താണ്; | (എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോർഡ് കെ.എസ്.ഇ.ബി ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട കൈമാറ്റ പദ്ധതി പ്രകാരം ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ നിറവേറ്റാനായി പെൻഷൻ ഫണ്ട് രൂപീകരിക്കാനും അതിനുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും വാർഷിക അടിസ്ഥാനത്തിൽ നൽകാനും തീരുമാനിച്ചിരുന്നു. ഇപ്രകാരം 12.02.2015-ൽ മാസ്റ്റർ പെൻഷൻ ആക്റ്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരി ക്കുകയും 01.01.2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി. വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകുന്നുണ്ട്. ആശങ്കപ്പെടേണ്ട നിലയിലുള്ള പ്രതിസന്ധി നിലവിലില്ല. |
| (ബി) കെ.എസ്.ഇ.ബിയും, ജീവനക്കാരുടെ പ്രതിനിധികളും, സർക്കാരും തമ്മിൽ ഒപ്പുവച്ച കരാർ പ്രകാരം രൂപീകൃതമായ മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്ക് പ്രതിവർഷം എത്രരൂപയാണ് കെ.എസ്. ഇ.ബി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി അടയ്ക്കേണ്ടിയിരുന്നത്; | (ബി) പ്രതിവർഷം ഏകദേശം 2000 കോടി രൂപയാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിലേക്ക് അടയ്ക്കുവാനുള്ളത്. |
| (സി) ഈ തുക പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നുണ്ടോ ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്; | (സി) പ്രസ്തുത തുക അടയ്ക്കുന്നില്ലെങ്കിലും പെൻഷൻ നൽകുവാനാവശ്യമായ തുക കെ.എസ്.ഇ.ബി ലിമിറ്റഡ് മുടക്കമില്ലാതെ ട്രസ്റ്റിന് നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് കുറവുള്ള തുക ട്രസ്റ്റിന് നൽകുന്നതാണ്. കൂടാതെ ട്രസ്റ്റിന് നൽകുവാനുള്ള തുക കെ.എസ്.ഇ.ബി.-യുടെ കണക്കുകളിൽ രേഖപ്പെടുത്തുന്നതുമാണ്. |

| | |
|---|---|
| | വൈദ്യുതി ബോർഡ് അതിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കേണ്ടി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് അടയ്ക്കുന്നതിന് വായ്പ എടുക്കുന്നത് ഒഴിവാക്കി കണക്കുകളിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. |
| (ഡി) കെ.എസ്.ഇ.ബിക്ക് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും പെൻഷൻ നൽകരുതെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിനോട് നിർദ്ദേശിച്ചിരുന്നോ. ഈ നിർദ്ദേശത്തിന് വിരുദ്ധമായി ദിവസ വരുമാനത്തിൽ നിന്നും കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ടോ; | (ഡി) ദിവസ വരുമാനത്തിൽ നിന്ന് പെൻഷൻ നൽകരുത് എന്ന നിർദ്ദേശം കമ്മീഷൻ നൽകിയിട്ടില്ല. 17.04.2017-ലെ സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ താരിഫ് ഓർഡറിൽ പെൻഷൻ എന്നത് വിരമിച്ച ജീവനക്കാരുടെ അവകാശം ആണെന്നും അത് നിരാകരിക്കാൻ കഴിയില്ലെന്നും അതിനായി മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ച് അതിൽ നിന്നും പെൻഷൻ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാർക്ക് നൽകുന്ന പെൻഷന് കമ്മീഷൻ അംഗീകാരം നൽകിയിട്ടുമുണ്ട്. |
| (ഇ) കെ.എസ്.ഇ.ബിയിൽ പെൻഷൻ നൽകുന്നതിന് ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ചെയർമാൻ ജീവനക്കാരുടെ പ്രതിനിധികൾക്ക് കത്ത് അയച്ചിരുന്നുവോ. എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | (ഇ) കെ.എസ്.ഇ.ബിയിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആയി ചുമതലയേറ്റതിന് ശേഷം ജീവനക്കാരുടെ പ്രതിനിധികൾക്ക് നൽകിയ കത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്ക് ബോർഡിന്റെ വിഹിതം നിക്ഷേപിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. എല്ലാ തൊഴിലാളി യൂണിയനുകളുടെയും സഹായ സഹകരണങ്ങളോടെ വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സ്ഥാപനത്തെ മുന്നോട്ട് കൊണ്ടു പോകണം എന്ന ഉദ്ദേശത്തോടെയാണ് ഇത്തരത്തിൽ ഒരു കത്ത് നൽകിയത്. അല്ലാതെ പെൻഷൻ നൽകുന്നതിന് ബുദ്ധിമുട്ട് ഉള്ളതായി ചെയർമാൻ കത്ത് നൽകിയിട്ടില്ല. നിലവിൽ അത്തരത്തിലുള്ള ഒരു സാഹചര്യവും വൈദ്യുതി ബോർഡിൽ ഇല്ല. |

സെക്ഷൻ ഓഫീസർ